**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

കണ്ണൂർ സർവകലാശാല - കണ്ണൂർ സർവകലാശാലയുടെ കീഴിൽ നടത്തുന്ന എല്ലാ പ്രോഗ്രാമുകളുടെയും പ്രവേശനത്തിനു, ഭിന്ന ശേഷിക്കാരായ അപേക്ഷകർക്ക് പ്രവേശന യോഗ്യതയിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സിംഗിൾ വിൻഡോ**

SWC/SWC/4907/2023 തീയതി: 10.04.2023

---

പരാമർശം:-1) കേരള സംസ്ഥാന ഭിന്ന ശേഷി കമ്മീഷന്റെ 03/11/2022 തീയതിയിലെ OP(RPWD)No.1291/S3/2022 നമ്പർ കേസിലെ ഉത്തരവ്.

2) ബഹു. വൈസ് ചാൻസലറുടെ 31/03/2023 തീയതിയിലെ ഇതേ നമ്പർ ഫയലിലെ ഉത്തരവ്

**ഉത്തരവ്**

1) ഡൽഹി ടെക്നോളജി യൂണിവേഴ്സിറ്റി Vs. അനമോൾ ഭണ്ഡാരി കേസിൽ (WP(C) No.4853/2012) ബഹു: ഡൽഹി ഹൈക്കോടതി 12-9-2012 ൽ പുറപ്പെടുവിച്ച വിധിന്യായം ബഹു: സുപ്രീം കോടതി ശരിവെച്ചതിന്റെ വെളിച്ചത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്രവേശന യോഗ്യതയിൽ അനുവദിക്കുന്ന ഇളവുകൾ, ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർക്ക് കൂടി ബാധകമാക്കാൻ പരാമർശം (1) പ്രകാരം, കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഉത്തരവിട്ടിട്ടുണ്ട്.

2) മേൽ വിഷയം പരിഗണിച്ച ബഹു. വൈസ് ചാൻസലർ, കണ്ണൂർ സർവകലാശാലയുടെ കീഴിൽ നടത്തപ്പെടുന്ന എല്ലാ പ്രോഗ്രാമുകളുടെ പ്രവേശനത്തിനും ഭിന്നശേഷി വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകർക്ക്, പ്രവേശന യോഗ്യതയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഇളവുകൾ അനുവദിക്കാൻ പരാമർശം (2) പ്രകാരം കണ്ണൂർ യൂണിവേഴ്സിറ്റി ആക്ട് 1996 Chapter III സെക്ഷൻ 11 (1) പ്രകാരം അക്കാഡമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു. ഇക്കാര്യം അടുത്ത അക്കാഡമിക് കൌൺസിൽ യോഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതാണ്.

3) അതിനാൽ, കണ്ണൂർ സർവകലാശാലയുടെ കീഴിൽ നടത്തുന്ന എല്ലാ പ്രോഗ്രാമുകളുടെയും പ്രവേശനത്തിന്, ഭിന്നശേഷി വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകർക്ക്, പ്രവേശന യോഗ്യതയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന അതേ ഇളവുകൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഈ ഉത്തരവ് 2023 പ്രവേശനം മുതൽ ബാധകമായിരിക്കുന്നതാണ്.

ഒപ്പ്/-

Dr. Joby K Jose

**രജിസ്ട്രാർ (i/c)**

സ്വീകർത്താവ്: 1 പ്രിൻസിപ്പൽമാർ (അഫിലിയേറ്റഡ് കോളേജുകൾ)/ കമ്മ്യൂണിറ്റി കോളേജുകൾ

2 പഠന വകുപ്പ് തലവൻമാർ / അസിസ്റ്റന്റ് ഡയറക്ടർമാർ / കോഴ്സ് ഡയറക്ടർമാർ

പകർപ്പ്: 1.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ , കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, ശാസ്തമംഗലം ,തിരുവനന്തപുരം-695010

2 .വി. സി യുടെ പി.എസ്

3.പി.വി.സി/ രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പി. എ മാർ / വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ